കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# പിണ്ടിമന ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.7)127/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :04.03.2020

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണ്ടിമന ഗ്രാമപഞ്ചായത്ത്

.

സർ,

വിഷയം :- പിണ്ടിമന ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

.

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.7)127/2020 തീയതി : 04.03.2020

## എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.12.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.കെ വിനോദ്, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.01.2020 മുതൽ 30.01.2020 വരെ | ശ്രീ. സണ്ണി എം.യു,ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷിബു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. പ്രവീൺ വി.എൻ,ഓഡിറ്റർ |
| | ശ്രീ. അഭിലാഷ് എം.ആർ,ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീ. ജെയ്സൺ ദാനിയേൽ | 01.04.18 | 31.03.19 |
| സെക്രട്ടറി | ശ്രീ. പി.എസ് സുനിൽ | 01.04.18 | 15.04.18 |
| | ശ്രീ. കെ.എം സലിം | 16.04.18 | 31.07.18 |
| | ശ്രീ. ജയശ്രീ ആർ | 01.08.18 | 05.0818 |
| | ശ്രീ. പി.എസ് രാജൻ | 06.08.18 | 31.03.19 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി.സെക്രട്ടറി | ശ്രീ. പി.എസ് സുനിൽ | 01.04.18 | 30.07.18 |
| | ശ്രീ.ജയകുമാർ ആർ.യു | 01.08.18 | 31.03.19 |
| കൃഷി ഓഫീസ്ര | ശ്രീ. ജിജി ജോബ് | 01.04.18 | 31.03.19 |
| വെറ്ററിനറി സർജൻ | ഡോ.ആർ.ഷൈജ | 01.04.18 | 11.06.18 |
| | ഡോ.പി.ഷൈജം | 12.06.18 | 29.06.18 |
| | ഡോ.ശോഭ ജയറാം | 30.06.18 | 31.03.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ചിഞ്ചു തോമസ് | 01.04.18 | 17.07.18 |
| | ശ്രീമതി സ്വപ്ന മാത്യൂ | 18.07.18 | 31.03.19 |
| വി.ഇ.ഒ പിണ്ടിമന | ശ്രീമതി. രശ്മി എൻ നമ്പൂതിരി | 01.04.18 | 31.03.19 |
| വി.ഇ.ഒ മാലിപ്പാറ | ശ്രീമതി. രമ്യ കെ.പി | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫിസർ (പി.എച്ച്.സി) | ഡോ. ദിവ്യ രാജേന്ദ്രൻ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫിസർ (ആയുർവേദം) | ഡോ.കെ.പി.ആനന്ദ് | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫിസർ (ഹോമിയോ) | ഡോ.ജ്രൂബി കുര്യാക്കോസ് | 01.04.18 | 31.03.19 |
| അസി.എഞ്ചിനിയർ | ബേബി ജയൻ | 01.04.18 | 04.07.18 |
| | ശ്രീ സാം മാത്യൂ സാബു | 05.07.18 | 10.07.18 |
| | ശ്രീമതി നസിയ പി.എം | 11.07.18 | 07.09.18 |
| | ശ്രീമതി സിജി വർഗീസ് | 08.09.18 | 08.10.18 |
| | ശ്രീമതി ദിവ്യ ശശി | 09.10.18 | 31.03.19 |
| ഹെഡ് മിസ്ട്രസ് ഗവ.എൽ.പി സ്കൂൾ | ശ്രീമതി ലൗലി | 01.04.18 | 31.03.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി എലിസബത്ത് സി ജോർജ്ജ് | 01.04.18 | 30.11.18 |
| | ശ്രീമതി കല്യാണി സജിത് | 01.12.18 | 31.03.19 |

**ഉള്ളടക്കം**


| ഭാഗം-1 | | |
|---|---|---|
| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| 13 | കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് | 1-13 |
| 14 | സ്ഥാപന തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കാത്തത് | 1-14 |
| 15 | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അപാകതകൾ | 1-15 |
| 16 | സ്വകാര്യ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നില്ല | 1-16 |
| 17 | ലൈഫ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് പുതുക്കുന്നില്ല | 1-17 |
| 18 | വാടക ഇനത്തിൽ ലഭിച്ച വരുമാന തുകയിന്മേൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല | 1-18 |
| 19 | ഇ-ടെണ്ടർ ഫോറ വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല | 1-19 |
| 20 | ടെണ്ടർ നടപടിക്രമങ്ങളിൽ സൂക്ഷ്മത പാലിച്ചില്ല | 1-20 |
| 21 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരം ലഭ്യമല്ല | 1-21 |
| 22 | വിവിധോദ്ദേശ്യ ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കാത്തത് | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-23 |
| 24 | തെരുവു നായ ആക്രമണം - നഷ്ടപരിഹാര തുക വികസനഫണ്ടിൽ നിന്നും അനുവദിച്ചു | 1-24 |
| 25 | വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമല്ല | 1-25 |
| 26 | തടി ലേലം -ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-26 |
| 27 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് – വിനിയോഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-27 |
| | **ഭാഗം-2 - ഇല്ല** | |
| | **ഭാഗം-3 - ഇല്ല** | |
| | **ഭാഗം-4** | |
| 28 | സംയുക്ത ഫണ്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 38 | അനുബന്ധങ്ങൾ | |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 40 | ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം-2 |
| 41 | ഓഡിറ്റ് ചെയ്ത ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് | അനുബന്ധം-3 |
| 42 | ഓഡിറ്റ് ചെയ്ത റസീപ്റ്റ് &പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം-4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 18.5.19 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ലഭിച്ച സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 14.06.19 മുതൽ 15.6.19 വരെ | കെ.എസ്.എ-ഇ.കെഎം (പിജി)1227(63)/19 തീ.2.8.19 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4294634 |
| വരവ് | 62509668 |
| ആകെ | 66804302 |
| ചെലവ് | 56700073 |
| നീക്കിയിരിപ്പ് | 10104229 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ | വരവ് | ആകെ | ചെലവ് | ചെലവഴി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | ബാക്കി | (എ.സി. ആർ പ്രകാരം) | | | ക്കാത്ത തുക |
| വികസനഫണ്ട് – ജനറൽ | | 0 | 11214681 | 11214681 | 11214681 | 0 |
| വികസനഫണ്ട്- എസ്.സി.പി. | | 0 | 4105000 | 4105000 | 3907821 | 197179 |
| വികസനഫണ്ട് – ടി.എസ്.പി. | | 0 | 122000 | 122000 | 51570 | 70430 |
| സംരക്ഷണഗ്രാന്റ്- റോഡ് | | 0 | 6431000 | 6431000 | 6294310 | 136690 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | | 0 | 2780000 | 2780000 | 2306262 | 473738 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 5205000 | 5205000 | 5205000 | 0 |
| ലോകബാങ്ക് ധനസഹായം (കേന്ദ്ര വിഹിതം) | | 0 | 0 | 0 | 0 | 0 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാന വിഹിതം) | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 54848 | 62057 | 117905 | 24840 | 93065 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | അഡ്മിനി സ്ട്രേഷൻ ചെലവ് | 8047 | 448645 | 456692 | 440012 | 16680 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അങ്കണവാടി പൂരക പോഷകാഹാരം | | 491588 | 408625 | 900213 | 803346 | 96867 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 499 | 2619205 | 2619704 | 2119205 | 500449 |
| | ജില്ലാ പഞ്ചായത്ത് | 1917474 | 3693650 | 5611124 | 2866645 | 2744479 |
| ബി ഫണ്ട് | 0 | 26728220 | 26728220 | 26728220 | 26728220 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1566944 | 8090231 | 9657175 | 6324415 | 3332760 |
| | ട്രഷറി അക്കൗണ്ട് | 176932 | 6465454 | 6642386 | 3559718 | 3082668 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 76772737 | 88 | 45395017 | 38 | 34 | 55 |

# 1-7 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വരവ് | വരവ് | | യിരിപ്പ് |
| ഭരണച്ചെലവുകൾ | 8047 | 448645 | 456692 | 440012 | 16680 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 15996464 | 15996464 | 15996464 | 0 |
| മെറ്റീരിയൽ | 0 | 2089140 | 2089140 | 2089140 | 0 |
| ആകെ | 8047 | 18534249 | 18542296 | 18525616 | 16680 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47520 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 1294400 | 102 |
| വിധവാപെൻഷൻ | 6045200 | 490 |
| വാർദ്ധക്യകാലപെൻഷൻ | 16803700 | 1361 |
| വികലാംഗപെൻഷൻ | 2315700 | 181 |
| അവിവാഹിതരായ 50വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 174000 | 14 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2020 4.45 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9677രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി കണക്കുകൾ സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുള്ള തുകകൾ യഥാസമയം പൂർണ്ണമായും ചെലവഴിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വിവിധോദ്ദേശ്യ ഗ്രാന്റുകളും പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിവിധ കേന്ദ്ര ഫണ്ടുകളും ഗ്രാന്റുകളും ഗ്രാമ പഞ്ചായത്തിലാണ് സൂക്ഷിച്ചിട്ടുള്ളതെങ്കിലും അവയുടെ ചെലവ് നിരീക്ഷണത്തിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും തൻവർഷം പത്തിലധികം തവണ യോഗം ചേർന്നിട്ടുണ്ട്. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളും ബന്ധപ്പെട്ട മേഘലയിലുള്ള പ്രോജക്ടുകൾ പരിശോധിച്ച് അംഗീകരിക്കുകയും ഗ്രാമ പഞ്ചായത്തിന്റെ അംഗീകാരത്തിനായി ശുപാർശയും ചെയ്തിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 13.12.2019 | 01.11.2019മുതൽ 30.11.20197വരെ | 18.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.04.2008 മുതൽ 30.04.2008 വരെ | 1997-98 മുതൽ 2007-08 വരെ | 08.07.2008 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

# 1-13 കെട്ടിട നിർമ്മാണ പെർമിറ്റ്-ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീ. ബിലന്റ് പി. ബെന്നി, പാത്താടൻ, രാമല്ലൂർ, കോതമംഗലം എന്ന വ്യക്തി 333.32 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം ക്രമവത്കരിക്കുന്നതിനായി 05.06.2018 ൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷ പ്രകാരം 06.06.2018 ൽ A5-BA120966/2018 നമ്പർ പ്രകാരം പ്രസ്തുത കെട്ടിടം ക്രമവത്കരിച്ച് പെർമിറ്റ് നൽകിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം അദ്ധ്യായം 2 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെ നിർമ്മിച്ചിരിക്കുന്ന കെട്ടിടം പൂർണ്ണമായും ക്രമവത്കരിക്കുന്ന സാഹചര്യത്തിൽ രാജിയാക്കൽ ഫീസും (പെർമിറ്റ് ഫീസിന്റെ ഇരട്ടി), പെർമിറ്റ് ഫീസും ഈടാക്കണമെന്ന് തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2/15/തസ്വഭവ നമ്പർ കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കാറ്റഗറി II പഞ്ചായത്ത് ഗണത്തിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നിലവിലെ പെർമിറ്റ് ഫീസ് 3 രൂപയാണ്. എന്നാൽ ടി വ്യക്തി കെട്ടിടം ക്രമവത്കരിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ പ്രകാരം ക്രമവത്കരണ ഫീസിനത്തിൽ 3000/- രൂപയാണ് (333.32 ച.മീ x 9) ഈടാക്കേണ്ടിയിരുന്നത് എന്നാൽ ഫീസ് ഇനത്തിൽ 2000/- രൂപയാണ് (രസീത് നം.118010100533 തീയതി 19.06.2018) ഈടാക്കിയിട്ടുള്ളത്. ഇതുപ്രകാരം ക്രമവത്ക്കരണ ഫീസിനത്തിൽ 1000/- രൂപ കുറവ് വന്നിട്ടുണ്ട് ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാത്തതു സംബന്ധിച്ച്

പിണ്ടിമന ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പ്രവർത്താനാനുമതിക്കാവശ്യമായ ലൈസൻസ് ഫീസും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

1) കരുണ പത്തോളജിക്കൽ ലാബ് ,മുത്തംകുഴി

2) ഡിസൈൻ കളക്ഷൻസ് ,മുത്തംകുഴി

3) കണ്ണങ്കല്ലേൽ ആയുർവേദിക് ഹോസ്പിറ്റൽ ,മുത്തംകുഴി

4) ഓലക്കുടിയിൽ സൂപ്പർമാർക്കറ്റ്,മുത്തംകുഴി
5) നക്ഷത്ര കളക്ഷൻസ്,മുത്തംകുഴി
6) ന്യൂവോ സ്പോർട്സ്,മുത്തംകുഴി
7) ഹരിത ടെക്സ് സ്റ്റൈൽസ്,മുത്തംകുഴി
8) കൃഷ്ണ ഫർണീച്ചർ മാർട്ട്,മുത്തംകുഴി
9) ശ്രീഹരി ബ്യൂട്ടി സെന്റർ ആന്റ് ഫുട്വെയർ,മുത്തംകുഴി
10) അപ്പൂസ് ഇലക്ട്രോണിക്സ്,മുത്തംകുഴി
11) ജോളിസ് ഡ്രൈവിംഗ് സ്കൂൾ,മുത്തംകുഴി
12) ഡ്രീംസ് അലൂമിനിയം ഫാബ്രിക്കേറ്റ്സ് ആന്റ് പി വി സി ഡോർ ,ചേലാട്
13) സെവൻ ആർട്ട്സ് സ്റ്റുഡിയോ,ചേലാട്
14) ചേലാട് മെഡിക്കൽ സെന്റർ (ഹോമിയോ ക്ലിനിക് ),ചേലാട്
15) അരുൺ ഇലക്ട്രിക്കൽസ്,ചേലാട്
16) ശാലേം സാനിറ്ററി,ചേലാട്
17) എച്ച് പവർ ഗ്രീൻ എനർജി സിസ്റ്റംസ്,ചേലാട്
18) ജെ പി മെഡിക്കൽ സെന്റർ,അയിരൂർപാടം
19) സെയിന്റ് ഗ്രിഗോറിയസ് ഡെന്റർ കോളേജ് , ചേലാട്

മേൽ സ്ഥാപനങ്ങളിൽ നിന്നും നിയമപരമായി ഈടാക്കേണ്ട ലൈസൻസ് ഫീസും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിനായി 27.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6,10 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അർഹമായ ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും - അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | വേട്ടമ്പാറ മിൽക്ക് സൊസൈറ്റി | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 2 | പിണ്ടിമന വനിത സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് 26 / 01 / 2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7,8 എന്നിവയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ നികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 സ്വകാര്യ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നില്ല

പിണ്ടിമന ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയതായി കാണുന്നില്ല.

1. ചേലാട് മെഡിക്കൽ സെന്റർ (ഹോമിയോ ക്ലിനിക് ),ചേലാട്
2. ജെ പി മെഡിക്കൽ സെന്റർ,അയിരൂർപാടം
3. സെയിന്റ് ഗ്രിഗോറിയസ് ഡെന്റൽ കോളേജ് , ചേലാട്

പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിനായി 27.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് പുതുക്കുന്നില്ല

പിണ്ടിമന പഞ്ചായത്തിലെ ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചു നൽകുന്നത് സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൻ പ്രകാരം 2017 -18 വർഷത്തിൽ ലൈസൻസ് നൽകിയ 11 ഫാമുകളിൽ കേവലം 3 ഫാമുകളാണ് 2018 -19 ൽ ലൈസൻസ് പുതിക്കിയതെന്നു കാണുന്നു. ബാക്കി ഫാമുകൾ ലൈസൻസ് പുതുക്കാത്തതു സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് അറിയിച്ചു കൊണ്ട് 28/ 01 / 2020 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 14 ന മറുപടി ലഭ്യമായില്ല. മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-18 വാടക ഇനത്തിൽ ലഭിച്ച വരുമാനതുകയിന്മേൽ ജി എസ് ടി ഈടാക്കിയിട്ടില്ല

പിണ്ടിമന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട മുറികൾ 2018 -19 സാമ്പത്തിക വർഷത്തിൽ വാടകക്ക് നൽകിയ ഇനത്തിൽ ലഭിച്ച തുകയിന്മേൽ 2017 ലെ ജി എസ് ടി നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന 18 % ജി എസ് ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടക ക്കാരന്റെ പേര് | 2018 -19 ൽ ഈടാക്കിയ വാടക തുക | ഈടാക്കേണ്ട ജി എസ് ടി (18 %) |
|---|---|---|---|---|
| 1 | XI /174എ | ശൈലശ്രീ | 5412 (451 x12 ) | 974 |
| 2 | XI /174 ബി | സി ഡി എസ് ചെയർ പേഴ്സൺ | 1992 (166 x12) | 359 |
| 3 | X III / 68 | ജോസ് വർക്കി | 11784 (982 x12) | 2121 |
| 4 | X III / 67 | സാറാ ബീവി | 10560 (880 x12) | 1901 |
| | | ആകെ തുക | 29748/- | 5355 |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 29 / 01 / 2020 ന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 19 ന മറുപടി ലഭിച്ചില്ല. മേൽ വ്യക്തികളിൽ നിന്നും ജി എസ് ടി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 ഇ-ടെണ്ടർ ഫോറ വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല

2018-19 സാമ്പത്തിക വർഷം 41 പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. കരാറുകാർ ടെണ്ടർ ഫോറ വിലയിനത്തിൽ ഒടുക്കുന്ന തുക ഇപ്പോൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനിയറുടെ അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ടെണ്ടർ ഫോറ വിലയിനത്തിൽ ₹173732/-യാണ് ലഭ്യമായിട്ടുള്ളത്. മാലിപ്പാറ കുരിശുംതൊട്ടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ യഥാസമയം കരാർ വയ്ക്കുവാൻ വിസമ്മതിച്ചതിനെ തുടർന്ന കരാറുകാരൻ ശ്രീ സി.ജി ഗോപാലകൃഷ്ണനിൽ നിന്നും ഇ.എം.ഡി ഇനത്തിൽ മുതൽ കൂട്ടിയ ₹14100/-യും എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭ്യമാകേണ്ട ₹187832/-ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 ടെണ്ടർ നടപടി ക്രമങ്ങളിൽ സൂക്ഷ്മത പാലിച്ചില്ല

പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് വേലകളുടെ ടെണ്ടർ 21.08.18 ന് നടത്തുവാൻ വെബ്സൈറ്റിൽ പരസ്യം നൽകിയിരുന്നു. പോസ്റ്റൽ സംവിധാനത്തിലെ തടസ്സം മൂലം വിതരണം ചെയ്ത ടെണ്ടർ ഫോമുകൾ പൂർണ്ണമായും തിരികെ ലഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാൽ ടെണ്ടർ ഫോമുകൾ സ്വീകരിക്കുന്നതിനുള്ള സമയ പരിധി ഗ്രാമ പഞ്ചായത്ത് 30.08.18വരെ നീട്ടുകയും ചെയ്തു.തുടർന്ന് 31.08.18ൽ ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ടെണ്ടർ തുറന്ന് പരിശോധിക്കുകയും ചെയ്തു. ടെണ്ടറുകൾ എല്ലാം തുറന്ന് പരിശോധിച്ചതിനു ശേഷം മംഗളം ദിന പത്രത്തിന് നൽകിയ ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചിട്ടില്ലായെന്നും ടെണ്ടർ മാറ്റി വച്ചത് സംബന്ധിച്ച അറിയിപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ലായെന്നും അസി.എഞ്ചിനീയർ ഗ്രാമ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചു. തുടർന്ന് 07.09.18 ലെ 4(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ടെണ്ടർ നടപടികൾ റദ്ദാക്കുകയും തുടർന്ന് പൊതുമരാമത്ത് വേലകൾ 30.10.18 ൽ ഇ-ടെണ്ടർ നടത്തുകയും ചെയ്തു. (01/E-T/AE/LSGD/ PDMNA/18-19 തീയതി 06.10.18) 25.07.18,28.07.18 തീയതികളിൽ നടത്തിയ ടെണ്ടറുകളും കരാറുകാരുടെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയുണ്ടായി എന്ന കാരണത്താൽ റദ്ദു ചെയ്തിട്ടുണ്ട്. 30.08.18ലെ ടെണ്ടർ റദ്ദു ചെയ്തതിനെ തുടർന്ന് 30.10.18ൽ നടത്തിയ ഇ-ടെണ്ടറിൽ ആദ്യ ടെണ്ടറിനെ അപേക്ഷിച്ച് കൂടിയ നിരക്കുകളാണ് പല പ്രവൃത്തികളിലും കരാറുകാർ ക്വോട്ട് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | 30.08.18 ലെ ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്ക് | 30.10.18ലെ ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്ക് | വ്യത്യാസം |
|---|---|---|---|
| ഇഞ്ചക്കണ്ടൻ പഴങ്ങര റോഡ് റീടാറിംഗ്(47/19) | 8% കുറവ് എൻ.ബി മൊയ്തീൻ | എസ്റ്റിമേറ്റ് നിരക്ക് എൻ.ബി മൊയ്തീൻ | 8% |
| നെടുമലത്തണ്ട് കോളനി റോഡ് & ഐറീഷ് കാന(64/19) | 10.2% കുറവ് **എൻ.ബി മൊയ്തീൻ** | 1.5%കുറവ് എൻ.ബി മൊയ്തീൻ | 8.7% |
| നെടുമലത്തണ്ട് അടിയോടി എസ്.സി കോളനി റോഡ്(30/19 | 18%കുറവ് എം.ജെ നൗഷാദ് | 12.5% കുറവ് എൻ.ബി മൊയ്തീൻ | 5.5% |
| മിൽമാ പടി മണിക്കാട്ടുപടി റോഡ് കോൺക്രീറ്റിംഗ്(36/19) | 21.5% കുറവ് എൻ.ബി മൊയ്തീൻ | 20.3%കുറവ് സുജിത് പി.എസ് | 1.2% |
| മുത്തംകുഴി മാലിപ്പടി റോഡ് സംരക്ഷണം(75/19) | 19.6%കുറവ് സുജിത് പി.എസ് | 16.3% കുറവ് സുജിത് പി.എസ് | 3.3% |
| വേട്ടാമ്പാറ പിച്ചപ്ര ഉറുമ്പി റോഡ് കോൺക്രീറ്റിംഗ്(51/19) | 20.6% കുറവ് സുജിത് പി.എസ് | 18.9% കുറവ് എൻ.ബി മൊയ്തീൻ | 1.7% |
| പത്തിരിച്ചാൽ സൈഡ് ഭിത്തി&ഐറീഷ് കാന(80/19) | 26.1% കുറവ് എൻ.ബി മൊയ്തീൻ | 18.22%കുറവ് പി.എ പോളി | 7.88% |
| അയിരൂർ പാടം കവല | 15% കുറവ് | 10.99% | 4.01% |

| | | | |
|---|---|---|---|
| ഐക്യപുരം കോളനി റോഡ്(31/19) | പി.എം നാസർ | കെ.കെ മൊയ്തീൻ കുഞ്ഞ് | |
| അസോസിയേഷൻ റോഡ് കോൺക്രീറ്റിംഗ്(74/19) | 21.3% കുറവ് സുജിത് പി.എസ് | 19.5% കുറവ് എൽദോ ജോർജജ്ജ് | 1.8% |

ടെണ്ടർ നടപടി ക്രമങ്ങളിൽ സൂക്ഷ്മത പാലിച്ചിരുന്നെങ്കിൽ പല പൊതുമരാമത്ത് പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ തുടർച്ചയായി റദ്ദ ചെയ്യുന്നത് ഒഴിവാക്കാമായിരുന്നു. മാത്രമല്ല പല പ്രവൃത്തികളും കുറഞ്ഞ നിരക്കിൽ പൂർത്തീകരിക്കുകയും ചെയ്യാമായിരുന്നു. മേൽ പരാമർശം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് ഒരേ സമയം നാല് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയുണ്ടായിരുന്നതിനാലാണ് ടെണ്ടർ നടപടികളിൽ വീഴ്ച സംഭവിച്ചതെന്ന് അസി.എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 12/18-19, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 9,25,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 2,31,250/- |
| ബിൽ നമ്പർ | 1/18-19 തീയതി 28.11.2018 |
| നിർവ്വഹണം | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, പിണ്ടിമന |

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2018-19 ൽ 2,31,250/- രൂപ ആലുവയിലുള്ള ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. എന്നാൽ കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്ഷീര വികസനം ലക്ഷ്യമിട്ട് കൈമാറുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് തുക കൈമാറിയതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനായി 29.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 വിവിധോദ്ദേശ്യ ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കാത്തത്

ഗ്രാമ പഞ്ചായത്തിന് 2011-12 മുതൽ 2018-19 വർഷം വരെ വിവിധോദ്ദേശ്യ ഗ്രാന്റിനത്തിലും സംയുക്ത പദ്ധതികൾക്കുമായി ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റിനം | 31.03.19 ൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക(₹) |
|---|---|
| ഖര മാലിന്യ നിർമാർജ്ജനം | 1000000 |

| | | |
|---|---|---|
| സമ്പൂർണ്ണ ശുചിത്വം(കേന്ദ്രം) | | 80000 |
| സമ്പൂർണ്ണ ശുചിത്വം(സംസ്ഥാനം) | | 309482 |
| സാക്ഷരത&വിമുക്തി | | 174999 |
| വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ക്വാറി ഉടമകളിൽ നിന്നും സ്വീകരിച്ച സി.എസ്.ആർ ഫണ്ട് | | 300000 |
| ജില്ലാ പഞ്ചായത്ത് | ഇ.എം.എസ് ഭവന പദ്ധതി(2011-12 ൽ ലഭിച്ച തുക) | 1238635 |
| | എം.എൻ ലക്ഷം വീട് ഭവന പദ്ധതി | 678839 |
| | ലൈഫ് ഭവന പദ്ധതി (2018-19ൽ ലഭിച്ച തുക) | 827005 |

വിവിധോദ്ദേശ്യ ഗ്രാന്റുകൾ,സംയുക്ത പദ്ധതി തുകകൾ എന്നിവ യഥാസമയം വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 ലൈഫ് ഭവന പദ്ധതി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

(എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പിണ്ടിമന നടപ്പിലാക്കിയ 139/18-19 നമ്പർ ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്നവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് നം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീമതി. ലീല മത്തായി, പുതുമന, ചേലാട് | 4 | 3,50,000 |
| 2 | ശ്രീമതി. സിഞ്ചു പൗലോസ്, കോനാട്ട്, മാലിപ്പാറ | 3 | 3,50,000 |
| 3 | ശ്രീ. കുട്ടപ്പൻ സി.കെ, വാരിക്കാട്ടിൽ, ഭൂതത്താൻകെട്ട് | 2 | 1,40,000 |
| 4 | ശ്രീമതി. സിനി ബിനു, പരിയപ്പനാൽ, ഭൂതത്താൻകെട്ട് | 2 | 3,00,000 |
| 5 | ശ്രീമതി. അന്നക്കുട്ടി ഏല്യാസ്, ഇലവുംചാലിൽ, ഭൂതത്താൻകെട്ട് | 2 | 3,50,000 |
| 6 | ശ്രീമതി. മോളി എൽദോസ്, കണ്ണംപിള്ളി, ഭൂതത്താൻകെട്ട് | 2 | 3,50,000 |
| 7 | ശ്രീമതി. റീന പൗലോസ്, നടുക്കുടിയിൽ, ഭൂതത്താൻകെട്ട് | 2 | 3,50,000 |
| 8 | ശ്രീമതി. മേരി ജോർജ്ജ്, പോക്കയിൽ, ഭൂതത്താൻകെട്ട് | 2 | 3,50,000 |
| 9 | ശ്രീമതി. ഷാന്റി എൽദോസ്, മണിമലത്താഴം, മാലിപ്പാറ | 3 | 3,50,000 |
| 10 | ശ്രീമതി. ഭവാനി രാമൻ, മലയിൽ, മാലിപ്പാറ | 3 | 3,00,000 |
| 11 | ശ്രീ. എൽദോസ് വർക്കി, കുപ്പിള്ളിക്കുട്ടയിൽ, മാലിപ്പാറ | 3 | 3,50,000 |
| 12 | ശ്രീ. ദേവസ്യ ജോസഫ്, പാലത്തിങ്കൽ, വെള്ളിലാംതൊട്ടി കോളനി | 13 | 3,50,000 |
| 13 | ശ്രീ. പൗലോസ് ഇ.കെ, ഇല്ലിക്കൽ, ഭൂതത്താൻകെട്ട് | 2 | 3,50,000 |

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാലിപ്പാറ നടപ്പിലാക്കിയ 142/18-19 നമ്പർ ലൈഫ് ഭവന പദ്ധതി (എസ്.സി) പ്രകാരം ശ്രീമതി. രാധ മാധവൻ, ആറ്റക്കൽ, പൂച്ചക്കുത്ത് എന്ന വ്യക്തി 3,48,995/- രൂപ കൈപ്പറ്റിയിട്ടുണ്ട്, നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്. പൂർത്തീകരണം സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-24 തെരുവ് നായ ആക്രമണം - നഷ്ടപരിഹാര തുക വികസനഫണ്ടിൽ നിന്നും അനുവദിച്ചു.

| ക്രമ. നം. | പ്രോജക്ട് നം | SO164/2019 | | |
|---|---|---|---|---|
| 1 | പ്രോജക്ടിന്റെ പേര് | തെരുവ് നായ ആക്രമണത്തിന് നഷ്ടപരിഹാരം നൽകൽ. | | |
| | അടങ്കൽ തുക | 210000/- (വികസന ഫണ്ട് പൊതുവിഭാഗം) | | |
| | ചെലവ് വിവരം | ബിൽ നം. | തീയതി | തുക |
| | | 8/2018-19 | 20.07.2018 | 210000/- |
| 2 | പ്രോജക്ട് നം | SO172/2019 | | |
| | പ്രോജക്ടിന്റെ പേര് | തെരുവ് നായ ആക്രമണത്തിന് നഷ്ടപരിഹാരതുകയുടെ പലിശതുക നൽകൽ. | | |
| | അടങ്കൽ തുക | 49287/- (വികസന ഫണ്ട് പൊതുവിഭാഗം) | | |
| | ചെലവ് വിവരം | ബിൽ നം. | തീയതി | തുക |
| | | 18/2018-19 | 30.10.2018 | 49287/- |
| | നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. | | |

തെരുവ് നായയുടെ ആക്രമണത്തിനിരയായ കുട്ടിയ്ക്ക് നഷ്ടപരിഹാരം നൽകണമെന്ന സുപ്രീംകോടതിയിൽ നിന്നും 10.07.2017ൽ SLP691/2009 നമ്പർ ഹർജിയിൽ ഉണ്ടായ വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച ജസ്റ്റിസ്. സിരി ജഗൻ കമ്മറ്റിയുടെ ശുപാർശ പ്രകാരം 03.11.2017 ലെ G.O(Rt)3551/2017/LSGD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം വികസന ഫണ്ടിൽ നിന്നും മേൽ പ്രകാരം തുക 259287/-രൂപ ശ്രീ രവീന്ദ്രൻ നായർ തൃക്കാരുകുടി എന്നയാൾക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയായവർക്ക് വലിയ തുക നഷ്ടപരിഹാരമായി നൽകേണ്ടി വന്നിട്ടും നായ്ക്കളെ നിയന്ത്രിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച് മെഡിക്കൽ ഓഫീസർ 29.08.18 ൽ നൽകിയ 333/18 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനും തെരുവു നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിനും 07.09.18ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 11(1) നമ്പർ ആയി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. എബിസി പദ്ധതിക്കായി 2016-17 വാർഷിക പദ്ധതിയിൽപ്പെടുത്തി ₹100000/-കുടംബശ്രീ ജില്ലാമിഷന് ഗ്രാമ പഞ്ചായത്ത് കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനം തൃപ്തികരമല്ലെന്ന് 16.2.19 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 29(1)

നമ്പർ തീരുമാനമായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തെരുവു നായ നിയന്ത്രണം സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ 10.10.18 ലെ സി8/23282/18 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമല്ല.

| | | | |
|---|---|---|---|
| പ്രോജക്ട് നം. | SO117/18-19 | | |
| പ്രോജക്ടിന്റെ പേര് | പുലിമല ആയപ്പാറകുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | |
| അടങ്കൽ തുക | 1,00,000/- | | |
| ചെലവ് വിവരം | ബിൽ നം. | തീയതി | തുക |
| | 25/2018-19 | 18.01.2019 | 94000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | |

പുലിമല ആയപ്പാറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിക്കായി ₹94000/- കേരള വാട്ടർ അതോറിറ്റി മൂവാറ്റുപുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. പൂർത്തീകരണ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (3/25.01.2019)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതുവരെ 94000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 തടി ലേലം-ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വാർഡ് 4 ൽ ചേലാട് തോട് പുറംപോക്കിൽ നിൽക്കുന്ന പ്ലാവ് മരം മുറിച്ചു മാറ്റി ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി 02.05.18 ൽ തീരുമാനിച്ചിട്ടുണ്ട്(തീരുമാനം നം.12(1). വാർഷിക കണക്കുകൾ പരിശോധിച്ചതിൽ തൻവർഷം ടിമ്പർ ലേലമിനത്തിൽ വരവൊന്നും കാണുന്നില്ല. പ്ലാവ് മരം ലേലം ചെയ്തു നൽകിയിട്ടുള്ളതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15) മറുപടി നൽകിയിട്ടില്ല. ലേല നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട്- വിനിയോഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നം | 103/19 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി | |
| പദ്ധതി അടങ്കൽ | ₹200000/- | |
| പദ്ധതി ചെലവ് | ബിൽ നം/തീയതി | തുക(₹) |
| | 14/15.3.19 | 200000/- |

11കുടുംബശ്രീ സംഘങ്ങൾക്ക് ₹10000/-നിരക്കിലും 18 കുടുംബശ്രീ സംഘങ്ങൾക്ക് ₹5000/-നിരക്കിലും 29 കുടുംബശ്രീ സംഘങ്ങൾക്ക് ₹200000/- റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പതിമൂന്നാം പദ്ധതി മാർഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1.റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് സംബന്ധിച്ച് കുടുംബശ്രീ സംഘങ്ങളുമായി കരാർ ഒപ്പുവച്ചിട്ടില്ല. റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ റീക്കുപ്പ്മെന്റ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

2.റിവോൾവിംഗ് ഫണ്ടിന്റെ തിരച്ചടവ് വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി

പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് നാളിതുവരെയും ആരംഭിച്ചിട്ടില്ല.

കുടുംബശ്രീ സംഘങ്ങളിൽ നിന്നും റിവോൾവിംഗ് ഫണ്ട് മാസ തവണകളായി തിരിച്ചു പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 138705 | ലൈഫ് ഭവന പദ്ധതി എസ്.സി(142/19) | 138705 | 0 |
| | 2018-19 | 1,00,000 | അങ്കണവാടി പോഷകാഹാരം(114/19) | 1,00,000 | 0 |
| | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(118/19) | 150000 | 0 |
| | 2018-19 | 1480500 | ലൈഫ് ജനറൽ(139/19) | 1480500 | 0 |
| | 2018-19 | 250000 | ക്ഷീര കർഷകർക്ക് ഇൻസന്റീവ് | 250000 | 0 |
| | 2018-19 | 500000 | അങ്കണവാടി നിർമ്മാണം വാർഡ് 13 | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 150450 | നെൽകൃഷി കൂലി ചെലവ്(11/19) | 150450 | 0 |
| | 2018-19 | 1,00,0000 | ലൈഫ് ഭവന പദ്ധതി എസ്.സി(142/19) | 622995 | 377005 |
| | 2018-19 | 2050000 | ലൈഫ് ജനറൽ(139/19) | 16000000 | 450000 |
| | 2018-19 | 166900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(118/19 | 166900 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 326300 | ക്ഷീര കർഷകർക്ക് ഇൻസന്റീവ് | 326300 | 0 |

# 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പുലിമല ആയപ്പാറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(117/19) | ബിൽ നം. 25/18.1.19 | 94000 | 0 | 94000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ(133/19) | ബിൽ നം. 41/25.3.19 | 41847 | 41847 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

തൻ വർഷം ലൈഫ് ഭവന പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും ₹9214417/-വായ്പ എടുത്തിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) | ജി.ഒ(എം.എസ്) 111/18 ത.സ്വ.ഭ.വ തീ.13.8.18 | 9214417 | 0 | 0 | 0 | 9214417 |

- 

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിസദാംശം

ഇല്ല

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62509668 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56700073 |
| വരവിനങ്ങളിലുള്ള നഷ്ടം | 1000 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 94000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 94000 | ശ്രീ. പി.എസ് രാജൻ, സെക്രട്ടറി |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഖണ്ഡിക നമ്പർ-1-18-തുക 5355/-

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ശ്രീ. പി.എസ് | സെക്രട്ടറി, കവളങ്ങാട് ഗ്രാമ | പാട്ടമറ്റം |

| | | |
|---|---|---|
| രാജൻ,<br>സെക്രട്ടറി | പഞ്ചായത്ത് | അമ്പോപ്പിള്ളിൽ,<br>മഞ്ഞപ്ര പി.ഒ,<br>അങ്കമാലി,<br>എറണാകുളം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | എൽ.എഫ്.ഇ.പി1 -866/93/28.12.93 |
| 1989-90 | എൽ.എഫ്.ഇ.പി1- 866/93/28.12.93. |
| 1996-97 | എൽ.എഫ്.ഇ.പി-1 -992/98/6.4.99 |
| 1997-98 | എൽ.എഫ്.ഇ.പി1-1507/99/15.07.2000 |
| 1998-99 | എൽ.എഫ്.ഇ.പി1-1173/03/4.09.2003 |
| 1999-2000 | എൽ.എഫ്.ഇ.പി1-1218/04/4.5.2005 |
| 2000-01 | എൽ.എഫ്.ഇ.പി1 -1218/04/4.5.2005 |
| 2001-02 | എൽ.എഫ്.ഇ.പി1- 918/05/20.08.06 |
| 2002-03 | എൽ.എഫ്.ഇ.പി1 .1819/08/17.11.09 |
| 2003-04 | എൽ.എഫ്.ഇ.പി7-241/12/4.9.12 |
| 2004-05 | എൽ.എഫ്.ഇ.പി7-240/12/4.9.12 |
| 2005-06 | എൽ.എഫ്.ഇ.പി7-239/12/4.9.12 |
| 2006-07 | എൽ.എഫ്.ഇ.പി7-238/12/4.9.12 |
| 2007-08 | എൽ.എഫ്.ഇ.പി7-237/12/4.9.12 |
| 2008-09 | എൽ.എഫ്.ഇ.പി7-136/13/11.2.13/14.3.13 |
| 2009-10 | എൽ.എഫ്.ഇ.പി7-306/11/8.8.2011 |
| 2010-11 | എൽ.എഫ്.ഇ.പി7-136/11/11.2.13/14.3.13 |
| 2011-12 , 2012-13 | എൽ.എഫ്.ഇ.പി7-1322/14/13.10.14/12.12.14 |
| 2013-14 , 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1107/16/08.07.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി1)40/2017/12.01.17 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2105/17 തീയതി 10.11.17/16.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2342/18 തീയതി 07.01.19/01.03.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

<u>2018-19 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1) വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല
2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടിഡയറക്ടർ

## <u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of Pindimana Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

DEPUTY DIRECTOR

## <u>ABSTRACT OF DEFECTS</u>

1)The accounts of Property Tax as per the AFS are not tally with the SANCHAYA Accounts.
2) Assets including Land has not been accounted and properly and reconciled with the values in AFS

DEPUTY DIRECTOR